# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2498** **09.12.2014- ൽ മറുപടിക്ക്**

**കൈത്തറി സംഘങ്ങളുടെ കടബാധ്യതകൾ വീട്ടുന്നതിന് കേന്ദ്രസഹായം**

| ചോദ്യം<br>ശ്രീ.കെ.രാജു | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈത്തറി സംഘങ്ങളുടെ കടബാധ്യതകൾ വീട്ടുന്നതിന് സഹായം നൽകുന്നതിലേയ്ക്കായി കേന്ദ്ര ടെക്സ്റ്റൈൽസ് വകുപ്പ് സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കൈത്തറി സംഘങ്ങളുടെ കടബാധ്യതകൾ വീട്ടുന്നതിന് സഹായം നൽകുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ 2 ഘട്ടങ്ങളിലായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 23,03,05,268/- രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുകയിൽ എത്ര ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഒന്നാം ഘട്ടത്തിൽ ലഭിച്ച 23,03,05,268/- രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 57.35 കോടി രൂപ നാളിതു വരെ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) എത്ര സംഘങ്ങൾക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ; അങ്ങനെയുള്ള സംഘങ്ങൾക്കു കൂടി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) 73 സംഘങ്ങൾക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഈ സംഘങ്ങൾ ഈ പാക്കേജിന്റെ പരിധിയിൽ വരുന്നില്ല. ഈ സംഘങ്ങൾക്ക് സഹായം ലഭിക്കണമെങ്കിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണം. അത് കേന്ദ്രസർക്കാരാണ് തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ